IDK 1012

ഇടുക്കി റവന്യുജില്ല-2011-12
രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം
പത്താംതരം-അടിസ്ഥാനപാഠാവലി

സമയം-ഒന്നര മണിക്കൂർ
സ്കോർ-40

നിർദേശങ്ങൾ-എല്ലാ ചോദ്യങ്ങൾക്കും സ്കോർ പരിഗണിച്ച് ഉത്തരമെഴുതണം.
പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയം ലഭിക്കും.

1.

"ഹൃദയമൊരുദ്യാനം. അവിടെ സ്നേഹത്തിന്റെ അല്ലെങ്കിൽ വെറുപ്പിന്റെ വിത്തിടാം. സ്നേഹത്തിന്റെ വിത്താണവിടെ വീണു പൂക്കുന്നതെങ്കിൽ അവിടെ ദയയുടെയും ശാന്തിയുടെയും പരിമളം പരക്കുന്നു".

"ഇത്തിരി സ്നേഹമാണല്ലോ
മനുഷ്യന്നു മഹാധനം"

- തന്നിരിക്കുന്ന രചനാഭാഗങ്ങളെ താരതമ്യം ചെയ്തു സ്നേഹമാഹാത്മ്യത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. *(സ്കോർ 4)*

2.

ഉപഭോഗ സംസ്കാരത്തിന് അടിമപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനിക മനുഷ്യന്റെ പ്രതീകമാണ് എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ എന്ന കഥയിലെ രമണി. കഥ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയാറാക്കുക. *(സ്കോർ 4)*

3.

"നോക്കൂ, അവളെ എന്തെങ്കിലും കൊടുത്ത്
പറഞ്ഞയക്കൂ... പിന്നെ ശല്ല്യാവും". രമണി പറഞ്ഞു.

"അവൾക്കാരുംല്ല്യാ". അയാൾ പറഞ്ഞു
"അതിന് നമ്മളെന്താ ചെയ്യ്യാ?".

- നമ്മുടെ സമൂഹത്തിൽ നിന്ന് സ്നേഹകാരുണ്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്ന സൂചനയാണോ രമണിയുടെ പ്രതികരണങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്? നിങ്ങളുടെ നിരീക്ഷണം സമർഥിക്കുക. *(സ്കോർ 4)*

4. **കണ്ടെത്തിയെഴുതുക.**

- 'കദളി വനഹൃദയനീഡത്തിലൊരു കിളിമുട്ടയടവച്ചു
  കവിതയായ് നീ വിരിയിപ്പതും" - **ഭൂമിയ്ക്കൊരു ചരമഗീതം**

- 'കൊക്കു വിടർത്തുന്നിതെന്നിലെയേകാന്ത-
  തപ്തമാം നീഡത്തിനുള്ളിൽ
  അക്കൊച്ചു ശാരിക! ഭൂമികന്യയ്ക്കെഴും
  ദുഃഖങ്ങൾ പാടിയ തയ്യൽ' - **കൊച്ചുദുഃഖങ്ങളുറങ്ങൂ...**

- കവിതയെ കിളിയാക്കി സങ്കൽപ്പിക്കുന്നതിലൂടെ കവിതയുടെ എന്തെല്ലാം പ്രത്യേകതകളാണ് സൂചിപ്പിക്കപ്പെടുന്നത്? *(സ്കോർ 4)*

5. നാവേറും കണ്ണേറുമേൽക്കാതെയീമല-
നാടിനെപ്പോറ്റുന്ന ഗാനം
നാഗഫണം വിതർത്താടിയ പുള്ളുവ-
വീണയിന്നെന്തേ മയങ്ങീ.

– നഷ്ടപ്പെടുന്ന നാടോടി സംസ്കൃതിയെക്കുറിച്ച് കവിക്കുള്ള ദുഃഖം 'കൊച്ചുദുഃഖങ്ങളുറങ്ങു' എന്ന കവിതയിൽ പ്രകടമാണോ? കവിത പരിശോധിച്ചു വിശദമാക്കുക.

*(സ്കോർ 6)*

6. " പെട്ടെന്നു വന്നൂ പെരുമഴ, ഉമ്മയോ
ചിക്കെന്നകത്തു തിരഞ്ഞു ചെന്നു
വില്ലൊടിഞ്ഞെന്നു ചിണുങ്ങിടാറുള്ളൊരാ
പുള്ളിക്കുട ചെന്നെടുത്തു പാഞ്ഞു
പള്ളിപ്പറമ്പിൽ പുതുതായ് കുമിച്ചിട്ട
മണ്ണട്ടിമേലെ നിവർത്തിവച്ചു". – **തോരാമഴ**

"ഉണ്ണിക്കൈയ്ക്കെടുക്കുവാനുണ്ണിവായ്ക്കുണ്ണാൻ വേണ്ടി,
വന്നതാണീ മാമ്പഴം വാസ്തവമറിയാതെ" – **മാമ്പഴം**

– ഈ അമ്മമാർ മാതൃമനസ്സിന്റെ ചില പ്രത്യേക ഭാവങ്ങൾ പ്രതിഫലിപ്പിക്കുന്നില്ലേ? കാവ്യഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക. *(സ്കോർ 6)*

7.

- നാവേറും, കണ്ണേറുമേൽക്കാതെയീ മല-
  നാടിനെപ്പോറ്റുന്നഗാനം
- നാഗഫണം വിതർത്താടിയ പുള്ളുവ വീണ
- തൊട്ടുണർത്തീടുന്നു പിന്നെയിളംവെയിൽ
  മൊട്ടുകളിക്കിളിക്കൂട്ടി
- തെച്ചിപ്പഴങ്ങളിറുത്തുകൊണ്ടോടുന്ന
  തെക്കൻ മണിക്കാറ്റുമോതി

– കവിയെ പ്രചോദിപ്പിച്ച ഈ ഗ്രാമീണ ചിത്രങ്ങളുടെ ഭംഗി വിശകലനം ചെയ്യുക. ഇവയ്ക്ക് കവിതയുടെ ഭാവതലവുമായുള്ള ബന്ധമെന്ത്? കുറിപ്പു തയാറാക്കുക. *(സ്കോർ 6)*

8.

**ഒട്ടകം**

പ്രസവിച്ചപ്പോൾ
ഞാൻ ഒട്ടകമാണെന്ന് അമ്മ പറഞ്ഞു.
അതുകൊണ്ട് അമ്മയെന്നെ ആട്ടിയകറ്റി,
മരുഭൂമിയിലേക്കു വിട്ടു.
വീട്ടിലെ സകലഭാരവും
മുതുകിൽ വച്ചുതരാനും മറന്നില്ലമ്മ.
കാലങ്ങളോളം ചുമന്നു ചുമന്ന്....
മരുഭൂമി മുഴുവൻ ചുറ്റിത്തീർത്ത് തീർത്ത്
വീട്ടിലെത്തിയപ്പോൾ
അമ്മയും സഹോദരങ്ങളും ചോദിച്ചു.
ഒട്ടകത്തിനു വീട്ടിലെന്താ കാര്യം?
വല്ല മരുഭൂമിയിലേക്കും പൊയ്ക്കൂടേ?
ഞാനിപ്പോഴും മരുഭൂമിയിലാണ്.

– ജോർജ് ജോസഫ് കെ.

– കവിതയുടെ പ്രമേയം, ആസ്വാദനാംശങ്ങൾ ഇവ പരിഗണിച്ച് ആസ്വാദനം തയാറാക്കുക.

*(സ്കോർ 6)*